# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ

**കെ.എസ്.ടി.എ**

**സംസ്ഥാന കമ്മിറ്റി, തിരുവനന്തപുരം**


---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 02-11-2012

# അധ്യാപകരുടെ പ്രൊട്ടക്ഷൻ നിർത്തലാക്കിയതിൽ പ്രതിഷേധിക്കുക

**- കെ എസ് ടി എ**

സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന രായിരത്തോളം പ്രൊട്ടക്റ്റഡ് അധ്യാപകരെ ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റിയ സർക്കാർ നടപടിയിൽ കെ എസ് ടി എ സംസ്ഥാന കമ്മിറ്റി പ്രതിഷേധിച്ചു. പ്രൊട്ടക്റ്റഡ് അധ്യാപകർ ജോലി ചെയ്തിരുന്ന തസ്തികകൾ പി എസ് സി വഴി നിയമനം നടത്താൻ സർക്കാർ തീരുമാനിച്ചു. പി എസ് സി നിയമനം നടന്ന സ്ഥലങ്ങളിൽ പുറത്തായ അധ്യാപകരുടെ തൊഴിൽ സംരക്ഷണം സർക്കാർ ഇതിലൂടെ നിർത്തലാക്കിയിരിക്കുകയാണ്.

1997 ജൂലൈ മാസത്തിന് മുമ്പ് നിയമിക്കപ്പെട്ടവർക്ക് ഡിവിഷൻ നഷ്ടപ്പെട്ടാലും തൊഴിൽസംരക്ഷണം ഉായിരുന്നു. സർക്കാർ സ്കൂളുകളിലോ പ്രൊജക്ടുകളിലോ പ്രൊട്ടക്റ്റഡ് അധ്യാപകരെ നിയമിച്ച് ശമ്പളം നൽകുകയും ചെയ്തിരുന്നു. പത്തിൽ കൂടുതൽ അധ്യാപകരുള്ള സർക്കാർ യു പി സ്കൂളുകളിൽ ഇവരെ നിയമിച്ച് ഹെഡ്മാസ്റ്റർമാരെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കിയിരുന്നു. 1968 ൽ ഇ എം എസ് സർക്കാർ കൊുവന്ന പ്രൊട്ടക്ഷൻ 1984 ൽ ടി എം ജേക്കബ് വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ നിർത്തലാക്കിയിരുന്നു. 1997 ൽ നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ പുനഃസ്ഥാപിച്ച പ്രൊട്ടക്ഷനാണ് ഇപ്പോൾ വീും നിർത്തലാക്കിയിരിക്കുന്നത്. ടീച്ചേഴ്സ് ബാങ്കിൽ നിയമിക്കുന്നവർക്ക് മറ്റേതെങ്കിലും തസ്തികയിൽ നിയമനം നൽകിയാലേ ശമ്പളം ലഭിക്കുകയുള്ളൂ. പരിശീലനം നൽകാൻ പോകുന്ന അധ്യാപകർക്ക് പകരം ഇവരെ നിയമിക്കാനാണ് ഉത്തരവിൽ പറയുന്നത്. ഇവർ തിരികെ വരുമ്പോൾ വീും ശമ്പളമില്ലാതാവും. ഫലത്തിൽ പ്രൊട്ടക്ഷൻ ആനുകൂല്യം നിഷേധിച്ചിരിക്കുകയാണ്.

വിദ്യാഭ്യാസ പാക്കേജിന്റെ മറവിൽ പ്രൊട്ടക്ഷൻ നിർത്തലാക്കിയ സർക്കാർ നടപടി പിൻവലിക്കണമെന്ന് കെ എസ് ടി എ ജനറൽ സെക്രട്ടറി എം ഷാജഹാൻ ആവശ്യപ്പെട്ടു.

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി